LIBRARY ARCHIVES Kerala Legislative Assembly

ദിനപത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കൃഷി ആവശ്യങ്ങൾക്കും മറ്റുമായി ഈ സ്ലഡ്ജ് ഉപയോഗിക്കുവാൻ ആര് വന്ന് ആവശ്യപ്പെട്ടാലും സൗജന്യമായി വിതരണം ചെയ്യുന്നതാണ്. ഈ പ്ലാന്റിന്റെ നടത്തിപ്പുകാരായ കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വളം ഏതെല്ലാം തരം കൃഷിയ്ക്ക് അനുയോജ്യമാണെന്ന് പരിശോധിക്കുന്നതിനും ആവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിനും കേരള കാർഷിക സർവ്വകലാശാല (KAU) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM), കേരള മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കർഷക സംഘങ്ങൾ, കൃഷി വകുപ്പിന്റെ ഫാമുകൾ, പാടശേഖര സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് വളം നീക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഇപ്പോൾ മലിനജലശുദ്ധീകരണ ശാല എന്ന നിലയിൽ ടി പ്ലാന്റിന്റെ പ്രവർത്തനം വളരെ മികച്ചതാണ്. ശുദ്ധീകരിച്ച ജലം പാർവ്വതി പുത്തനാറിൽ ഒഴുക്കി വിടുന്നതുവഴി വലിയ അളവിലുള്ള ഗാർഹിക മലിനീകരണം നിയന്ത്രണ വിധേയമാക്കുവാനും സാധിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച മലിനജലം നിർമ്മാണ പ്രവർത്തനത്തിനും ഉദ്യാന പരിപാലനത്തിനും പരിമിതമായിട്ടാണെങ്കിലും ട്രാവൻകൂർ ടൈറ്റാനിയം അടക്കമുള്ള വ്യവസായങ്ങളുടെ ആവശ്യത്തിലേയ്ക്കും ഉപയോഗിക്കുവാൻ സാധിക്കും. പ്ലാന്റ് നേരിടുന്ന ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

124 (1498) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി ഓരോ വർഷവും എന്ത് തുക വീതമാണ് നീക്കിവച്ചിരുന്നതെന്ന അറിയിക്കുമോ ;

(ബി) നീക്കിവയ്ക്കപ്പെട്ട തുകയിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കുവേണ്ടി ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക വർഷം തിരിച്ച് ചുവടെ പറയുന്നു:

2012-13	-	16,28,04,962
2013-14	-	12,16,00,000
2014-15	-	30,00,00,000
2015-16	-	15,00,00,000

(ബി) ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ചുവടെ പറയുന്നു:

2012-13	-	11,84,19,257
2013-14	-	6,43,02,188
2014-15	-	7,48,30,354
2015-16	-	8,06,71,998
(30-1-2016 വരെ)		
ആകെ :		33,82,23,797

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

125 (1499) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര പേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങൾ കാര്യക്ഷമവുമാക്കുന്നതിന് ബഡ്ജറ്റിൽ കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?